**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പ്രളയക്കെടുതി 2018- 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ വെട്ടിച്ചുരുക്കലും മുൻഗണനാ ക്രമീകരണവും — നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു.

---

**ധനകാര്യ (പ്ലാനിംഗ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി))നം.153/2018/ധന.** **തീയതി, തിരുവനന്തപുരം, 29.09.2018**

**ഉത്തരവ്**

2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയ കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷം ഇതിനകം അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ വെട്ടിച്ചുരുക്കലും മുൻഗണനാ ക്രമീകരണവും അനിവാര്യമാണ്. ആയതിലേയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) എല്ലാ വകുപ്പുകളിലും സംസ്ഥാന പദ്ധതിയ്ക്ക് കീഴിൽ വരുന്ന പദ്ധതി വിഹിതം 20% വെട്ടിക്കുറയ്ക്കേണ്ടതുണ്ട്. ഏതൊക്കെ പദ്ധതികളാണ് ഇപ്രകാരം പൂർണ്ണമായോ, ഭാഗികമായോ നിറുത്തലാക്കേണ്ടതെന്ന് ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ച് കണ്ടെത്തേണ്ടതുണ്ട്. ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദാക്കുകയോ, ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, എന്നീ വകുപ്പുകൾക്കും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും 20% പദ്ധതി വിഹിതം വെട്ടിച്ചുരുക്കൽ ബാധകമായിരിക്കുകയില്ല. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളും അവയുടെ സംസ്ഥാന വിഹിതവും എക്സ്റ്റേർണലി എയ്ഡഡ് പദ്ധതികൾ (EAP), NABARD വഴിയുള്ള സ്കീമുകൾ എന്നിവയേയും 20% പദ്ധതി വെട്ടിച്ചുരുക്കലിൽ നിന്നും ഒഴിവാക്കേണ്ടതാണ്. പൂർണ്ണമായും സംസ്ഥാന പദ്ധതിയ്ക്ക് കീഴിൽ വരുന്ന സ്കീമുകൾ മാത്രമേ പദ്ധതി വെട്ടിച്ചുരുക്കലിനായി കണക്കിലെടുക്കാൻ പാടുള്ളൂ. ഉദാഹരണത്തിന് EAP/NABARD/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം എന്നീ ഇനത്തിൽ 500 കോടി രൂപയും സംസ്ഥാന പദ്ധതികൾക്കായി 500 കോടി രൂപയും ഉൾപ്പെടെ ആകെ 1000 കോടി പദ്ധതി വിഹിതമുള്ള ഒരു വകുപ്പിൽ പദ്ധതിയിനത്തിൽ വെട്ടിച്ചുരുക്കേണ്ടി വരുന്നത് 100 കോടി ആയിരിക്കും. ബാദ്ധ്യതാ ചെലവ് ഉൾപ്പെടുന്ന പദ്ധതികളുടെ ഭരണാനുമതി

റദ്ദാക്കുന്നത് പദ്ധതി ചെലവ് വൈകിക്കുന്നതിന് മാത്രമേ ഇടയാക്കുകയുള്ളൂ എന്നതിനാൽ ബാദ്ധ്യതയുള്ള ചെലവുകൾ പദ്ധതി വെട്ടിച്ചുരുക്കലിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. ഇതിനോടകം കരാർ നൽകി പ്രവൃത്തി ആരംഭിച്ച പദ്ധതികൾ, സാധന സാമഗ്രികൾ, സർവ്വീസ് എന്നിവ ലഭ്യമായതിനുശേഷം പണം നൽകാനുള്ളവ, വർഷം തോറും നൽകിവരുന്ന പെൻഷൻ തുക, ഇൻഷ്വറൻസ് പ്രീമിയം എന്നിവ ബാദ്ധ്യതാ ചെലവുകളിൽ ഉൾപ്പെടുന്നു.

2) എല്ലാ വകുപ്പുകളും പദ്ധതി വിഹിതത്തിന്റെ വെട്ടിച്ചുരുക്കലിനുശേഷം അവശേഷിക്കുന്ന 80% സംസ്ഥാന പദ്ധതികളുടെ മുൻഗണനാ ക്രമീകരണം നടത്തേണ്ടതുണ്ട്. ചില സ്കീമുകൾ പൂർണ്ണമായോ ഭാഗികമായോ വെട്ടിച്ചുരുക്കാവുന്നതും അവയ്ക്ക് പകരം പ്രളയ ദുരിതാശ്വാസം, ജീവനോപാധി പുന:സ്ഥാപിക്കൽ, പുനരധിവാസം, പുനർ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് പുതിയ സ്കീമുകൾ (80% വിഹിതത്തിനുള്ളിൽ) നിർദ്ദേശിക്കാവുന്നതുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, എക്സ്റ്റേർണലി എയ്ഡഡ് പദ്ധതികൾ (EAP) എന്നിവ ഒഴിവാക്കിക്കൊണ്ടുള്ള സംസ്ഥാന പദ്ധതികൾക്കായി മാത്രം ഈ മുൻഗണനാ ക്രമീകരണം പരിമിതപ്പെടുത്തേണ്ടതാണ്. റദ്ദാക്കുന്ന പദ്ധതികൾ ഇതിനോടകം ആരംഭിച്ചതോ, ചെലവ് ബാധ്യതയുള്ളതോ ആകുവാൻ പാടുള്ളതല്ല.

3) ഇപ്രകാരം 20% പദ്ധതി വെട്ടിച്ചുരുക്കിക്കൊണ്ട് റദ്ദാക്കേണ്ടവ/ഭേദഗതി വരുത്തിക്കൊണ്ടോ റദ്ദാക്കിക്കൊണ്ടോ മുൻഗണനാക്രമീകരണം ആവശ്യമായ പദ്ധതികൾ, പുതിയ സ്കീമുകൾ ഉണ്ടെങ്കിൽ അവയ്ക്കുള്ള ശിപാർശകൾ എന്നിവയുടെ പട്ടിക തയ്യാറാക്കി എല്ലാ വകുപ്പുകളും സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ പട്ടിക തയ്യാറാക്കി 2018 ഒക്ടോബർ 15 - നകം ധനകാര്യ (പ്ലാനിംഗ്-ബി) വകുപ്പിലേയ്ക്ക് അയക്കേണ്ടതാണ്. (പ്രസ്തുത ലിസ്റ്റിന്റെ സോഫ്റ്റ് കോപ്പി financeplanningb@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്കും ലഭ്യമാക്കേണ്ടതാണ്). ഈ ആവശ്യത്തിലേയ്ക്കായി പ്രത്യേകമായി കൂടുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ ഇത്തരം പദ്ധതികൾ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ശിപാർശകൾ ഗ്രീൻ ബുക്കിൽ പ്രോജക്റ്റുകൾ ഉൾപ്പെടുത്തുന്ന സമാന രീതിയിൽ പരിശോധിച്ച് തീരുമാനം എടുക്കുന്നതായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും മറ്റു വകുപ്പ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ ഭരണ വകുപ്പുകൾക്കും
ചീഫ് സെക്രട്ടറിയുടെ എല്ലാ അഡീഷണൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ തലവൻമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണാധികാരസ്ഥാപനങ്ങൾ/i ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ
എല്ലാ ട്രഷറി ഓഫീസർമാർക്കും
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreena

സെക്ഷൻ ഓഫീസർ

*Annexure*

**Details of state plan schemes of 2018-19 for re-prioritisation including those to be dropped / amended and proposal for new schemes to be placed before the specially convened Special Working Group**

(1) Name of the Administrative Department :

(2) Type of the Scheme (State Plan) :

(3) Need / Justification :

(4) Total State Plan outlay for the department for 2018-19 (Rs. in lakhs) :

(5) Total modified plan outlay (after adjusting 20% plan cut) and percentage to total Plan outlay (Rs. in lakhs) :

(6) Details of plan schemes to be dropped under 20% plan cut :

**TABLE - 1**

(Rs. in lakh)

| Sl. No. | Name of scheme & Head of Account | Budget outlay | Amount for which AS already issued | Remarks |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | Total* | | | |

*** Note :- Total of subject outlay of dropped schemes should be limited within 20% plan cut.**

7. Details of Schemes proposed for re prioritisation and to be replaced with new schemes:

**TABLE - 2**

(Rs. in lakh)

| Sl. No. | Name of scheme with Head of Account | Budget Outlay | Amount for which AS already issued | Amount for which revised AS required | Remarks |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | Total* | | | | |

8. Details of new schemes proposed on the basis of re prioritisation:

**TABLE - 3**

(Rs. in lakh)

| Sl. No. | Name of scheme with Head of Account | Budget Outlay | Amount for which AS required | Remarks |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |
| | | | | |
| | Total* | | | |

*** Note :- Total of column 5 of table 2 above should be tallied with total of column 4 of table 3.**

Signature
Secretary to Government
**...................... Department**